ഹരിതകേരളം മിഷൻ
കേരളസർക്കാർ

01.03.2019

## പത്രക്കുറിപ്പ്

# ഹരിതകേരളംമിഷനിൽ ഇന്റേൺഷിപ്പിന് അവസരം
## മാർച്ച് 5 മുതൽ ഓൺലൈനായി അപേക്ഷിക്കാം

എൻവയോൺമെന്റൽ സയൻസ്, ജിയോളജി, സോഷ്യോളജി, സോഷ്യൽ വർക്ക്, കെമിസ്ട്രി, ബോട്ടണി, തുടങ്ങിയ മേഖലകളിൽ ബിരുദാനന്തര ബിരുദധാരികൾക്കും സിവിൽ എഞ്ചിനീയറിംഗ്, കൃഷി എന്നീ മേഖലകളിൽ ബിരുദധാരികൾക്കും ജേർണലിസത്തിൽ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ പി.ജി ഡിപ്ലോമ കഴിഞ്ഞ വിദ്യാർത്ഥികൾക്കും ഹരിത കേരളം മിഷനിൽ ഇന്റേൺഷിപ്പ് പ്രോഗ്രാമിന് അപേക്ഷിക്കാം. 6 മാസമാണ് കാലാവധി. തെരഞ്ഞെടുക്കപ്പെടുന്നവർ 14 ജില്ലാ മിഷൻ ഓഫീസുമായും ഹരിതകേരളം മിഷൻ സംസ്ഥാന ഓഫീസുമായും ബന്ധപ്പെട്ടാണ് പ്രവർത്തിക്കേണ്ടത്. അതാത് രംഗത്തെ വിദഗ്ദ്ധർ പരിശീല നവും മാർഗ്ഗനിർദ്ദേശങ്ങളും നൽകും. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റും സർക്കാർ അംഗീകൃത സ്റ്റൈപൻഡും നൽകുന്നതാണ്. ഇന്റർവ്യൂവിന്റെ അടി സ്ഥാനത്തിലാണ് തെരഞ്ഞെടുക്കുക. ഹരിതകേരളം മിഷൻ വെബ്സൈറ്റിൽ നൽകിയിട്ടുള്ള ഓൺലൈൻ സംവിധാനത്തിലൂടെ 2019 മാർച്ച് 5 മുതൽ 18-ാം തീയതി വൈകുന്നേരം 5 മണി വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് www.haritham.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

Sd/-
**ഡോ.ടി.എൻ.സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**

ടി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in